ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക, നൂതന നിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക, കൂടാതെ പുതിയതരം നിർമ്മാണ സാമഗ്രികളും, നിർമ്മാണ രീതിയും വികസിപ്പിച്ചെടുക്കാനാവശ്യമായ ഗവേഷണം നടത്തുക തുടങ്ങിയവയാണ് നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം. നിലവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ ഡയറക്ടറും, ചീഫ് ടെക്നിക്കലും ഒഴികെ മറ്റുള്ളവർ വോളന്റിയർമാരായിട്ടാണ് സേവനം അനുഷ്ഠിക്കുന്നത്. ഇവർക്ക് ഓണറേറിയമാണ് നൽകിവരുന്നത്.

(ബി) — (ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാന നിർമ്മിതികേന്ദ്രം ഏറ്റെടുക്കുന്ന പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ജില്ലാകളക്ടർ ചെയർമാനായുള്ള പ്രത്യേക സംവിധാനം നിലവിലുണ്ട്.

(എഫ്) & (ജി) 10-9-2002-ലെ 24-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചാണ് എറണാകുളം സെന്ററിൽ 2002 ജൂൺ മുതൽ പകുതി ശമ്പളം നൽകിയത്. എന്നാൽ 2-4-2003 ലെ 27-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് 2003 മാർച്ച് മുതലുള്ള മുഴുവൻ വേതനം നൽകുവാനും കുടിശ്ശികവേതനം ടി സെന്റർ ലാഭമുണ്ടാക്കുന്നത് അനുസരിച്ച് നൽകേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

(എച്ച്) പ്രസ്തുത കാലയളവിലെ ഓണറേറിയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലക്ഷം വീടുകളുടെ നവീകരണം

269 [3247] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീടുകളിൽ ഇരട്ട വീടുകൾ ഒറ്റയാക്കി മാറ്റുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എത്ര വീടുകളാണ് ഇപ്രകാരം ഒറ്റയാക്കി മാറ്റാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതേവരെ എത്ര എണ്ണം പൂർത്തിയാക്കിയെന്ന് അറിയിക്കാമോ;

(ഡി) ഓരോ ജില്ലയിലേയും ഒറ്റയാക്കി മാറ്റേണ്ട വീടുകളുടെ എണ്ണവും പൂർത്തിയാക്കിയവയുടെ എണ്ണവും വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിലേക്കായി നീക്കിവച്ച തുകയും ചെലവുചെയ്ത തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലക്ഷംവീടു പദ്ധതിയിൽപ്പെട്ട ഒറ്റ വീടുകൾ നവീകരിക്കുന്നതിനും ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി പുതുക്കിപ്പണിയുന്നതിനുമായി സംസ്ഥാന സർക്കാർ ലക്ഷംവീടു നവീകരണപദ്ധതി ഭവനനിർമ്മാണ ബോർഡുവഴി സന്നദ്ധ സംഘടനകളുടെ/പഞ്ചായത്തുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്തുടനീളം 14 ജില്ലകളിലായി നിർമ്മിച്ചിട്ടുള്ള 32618 ഇരട്ട വീടുകൾ ഒറ്റവീടുകളാക്കാനും 57590 ഒറ്റ വീടുകൾ നവീകരിക്കുന്നതിനുമുള്ള ബൃഹത്തായ പദ്ധതിയാണ്.

(സി) 1082 വീടുകൾ.

(ഡി) ഓരോ ജില്ലയിലും ഒറ്റയാക്കി മാറ്റേണ്ട വീടുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

ജില്ല	*ഒറ്റയാക്കി മാറ്റേണ്ടുന്ന ഇരട്ട വീടുകളുടെ എണ്ണം*	*നവീകരിക്കേണ്ട ഒറ്റ വീടുകളുടെ എണ്ണം*	*പൂർത്തിയാക്കിയ വീടുകളുടെ എണ്ണം*
തിരുവനന്തപുരം	4256	9845	135
കൊല്ലം	1994	1629	-
പത്തനംതിട്ട	2348	3812	133
ആലപ്പുഴ	650	1485	31
കോട്ടയം	2232	2268	218
ഇടുക്കി	795	1830	17
എറണാകുളം	3358	9614	80
തൃശ്ശൂർ	4368	4725	124
പാലക്കാട്	1379	2211	10
മലപ്പുറം	1538	1287	100
കോഴിക്കോട്	7920	3160	177
വയനാട്	1763	5875	34
കണ്ണൂർ	2688	3110	-
കാസർഗോഡ്	2329	6739	23
ആകെ	**32618**	**57590**	**1082**

(ഇ) 2004-2005 സാമ്പത്തിക വർഷത്തിൽ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിക്കായുള്ള സർക്കാർ സഹായം 5 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുവരെ ഭവനനിർമ്മാണ ബോർഡിന് ഇതിലേക്കായി ധനസഹായം ഒന്നും സർക്കാർ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly